കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെളിയങ്കോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.9/446/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി: 10-04-2019

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പ്രസിഡന്റ്(സെക്രട്ടറിമുഖേന )
വെളിയങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയങ്കോട് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എം.എ.5/19

കെ.എസ്.എ.എം.പി.എം.446/2019 തിയ്യതി: 10-04-2019

<u>മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ</u>

പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09-08-2017 മുതൽ 17.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം--

---

ഓഡിറ്റിന് ചുമതലപ്പെട്ടഉദ്യോഗസ്ഥൻ : ശ്രീ.അജിത് ആർ , ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം :18.02.2019 മുതൽ 01.03.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. സീനത്ത് പി.എ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൽ റഷീദ് എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. പ്രേമജ സുധീർ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.അനംഗദാസൻ ടി.കെ | 01.04.2017 മുതൽ 31.05.2017 വരെ |
| ശ്രീ. ഗോപകുമാർ കെ (സെക്രട്ടറിയുടെ ചുമതല) | 01.06.2017 മുതൽ 06.06.2017 വരെ |

| | |
|---|---|
| ശ്രീ. അനിൽ ബാബു കെ | 07.06.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഗോപ കുമാർ കെ | 01.04.2017 മുതൽ 19.06.2017 FN വരെ |
| | ശ്രീ. അബ്ദുൽ സലീം ടി | 19.06.2017 AN മുതൽ 04.08.2017 FN വരെ |
| | ശ്രീ.സാജൻ സി ജേക്കബ് | 04.08.2017 AN മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ഷബീർ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.നസീറ എ പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷാരിജ കെ പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. ഫസീല ടി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അദീബ യാസിൻ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബൈജു എൽ. എസ് | 01.04.2017 മുതൽ 08.06.2017 വരെ |
| | ശ്രീമതി.നളിനി എൻ (അധിക ചുമതല) | 09.06.2017 മുതൽ 07.07.2017 വരെ |
| | ശ്രീമതി. ലമിന വി.കെ | 08.07.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ. രഞ്ജിത്ത് | 01.04.2017 മുതൽ 06.10.2017 വരെ |
| | ശ്രീ. ജയേഷ് കെ | 07.10.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനൂപ് വി എ | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം II<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ സൂക്ഷിപ്പിലെ/പിരിവ് സംബന്ധിച്ച അപാകതകൾ | 2-1 |
| 14 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല | 2-2 |
| 15 | കെട്ടിട നിർമാണ അപേക്ഷകളെ കുറിച്ചുള്ള വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല | 2-3 |

| | | |
|---|---|---|
| 16 | പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ -സംബന്ധിച്ച് | 2-4 |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-5 |
| 18 | വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 2-6 |
| ഭാഗം III<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | PHC അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 10074 രൂപ | 3-1 |
| 21 | സർവീസ് ടാക്സ് അടവാക്കിയില്ല – കരാറുകാരന് അധികം നൽകിയത് 18920 രൂപ | 3-2 |
| 22 | മരാമത്ത് പ്രവൃത്തി - ബിറ്റുമിന് വില അധികം നൽകിയത് തിരികെ ഈടാക്കിയില്ല | 3-3 |
| 23 | വിവിധ അംഗനവാടികൾ നവീകരണം -അപാകത - അധികം നൽകിയത് 6413 രൂപ | 3-4 |
| 24 | സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി - സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. | 3-5 |
| 25 | ലൈഫ് മിഷൻ ഭവന പദ്ധതി - അപാകത | 3-6 |
| 26 | ഭവന നിർമ്മാണ പദ്ധതി - അപാകത | 3-7 |
| 27 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-8 |
| 28 | യുവജന വികസന പദ്ധതി- രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-9 |
| 29 | സ്കൂളുകൾക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ. പദ്ധതി രൂപീകരണ പ്രകാരം നിർവ്വഹണം സാധ്യമായില്ല. | 3-10 |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- അപാകതകൾ | 3-11 |
| 31 | പട്ടികജാതിക്കാരായ കുട്ടികൾക്ക് സൈക്കിൾ നൽകൽ– സൈക്കിളുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു. | 3-12 |
| 32 | ബാലസഭ- സി.ഡി.എസ്സിന് കൈമാറിയ മുഴുവൻ തുകയും ചെലവഴിച്ചില്ല. | 3-13 |
| 33 | കാൻസർ രോഗനിർണ്ണയ ക്യാമ്പ്-നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാതെ പണം അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 3-14 |
| 34 | തണൽ പരിരക്ഷ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 3-15 |

| | | |
|---|---|---|
| 35 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-തുക തടസ്സപ്പെടുത്തുന്നു | 3-16 |
| 36 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം – വിതരണം പൂർണ്ണമല്ല. | 3-17 |
| 37 | സമ്പൂർണ്ണ വൈദ്യുതീകരണം-ഫയൽ ലഭ്യമല്ല.തുക തടസ്സപ്പെടുത്തുന്നു. | 3-18 |
| 38 | ബി-ഫണ്ട് -വിവാഹധനസഹായം -അധിക തുക നൽകി. | 3-19 |
| 39 | വെള്ളക്കരം -അടവാക്കിയ മുഴുവൻ തുകയും വരവ് വെച്ചിട്ടില്ല. | 3-20 |
| 40 | സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല | 3-21 |
| 41 | ലോഗ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 3-22 |
| 42 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 3-23 |
| | ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 46 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 47 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 50 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 53 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 20.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (ഇ-സബ്മിഷൻ) | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 12.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ.എം.പി.എം.9/1573(a)/2018 തിയതി 05.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,38,13,760 |
| വരവ് | 6,61,55,072 |
| ആകെ | 7,99,68,832 |
| ചെലവ് | 6,72,18,041 |
| നീക്കിയിരുപ്പ് | 1,27,50,791 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | 0 | 1,64,48,000 | 1,64,48,000 | 1,64,43,392 | 4608 | 99.97 % |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 33,72,939 | 33,72,939 | 33,41,309 | 31,630 | 99.06% |
| വികസനഫ ണ്ട് – ടി.എസ്.പി | 0 | 10,996 | 10,996 | 0 | 10,996 | 0 |
| സംരക്ഷണ ഗ്രാന്റ് – റോഡ് (ACR പ്രകാരം) | 0 | 63,08,000 | 63,08,000 | 60,53,348 | 2,54,652 | 95.96 % |
| സംരക്ഷണ ഗ്രാന്റ് – നോൺറോഡ് (ACR പ്രകാരം) | 0 | 36,62,000 | 36,62,000 | 35,48,169 | 1,13,831 | 96.89% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 77,24,718 | 77,24,718 | 76,97,382 | 27,336 | 99.64% |
| കെ.എൽ.എസ്.ജി.ഡി.പി ലോക ബാങ്ക് ധനസഹായം | 0 | 10,28,370 | 10,28,370 | 6,51,832 | 3,76,538 | 63.38% |

| | | | | | | | |
|---|---|---|---|---|---|---|---|
| (ACRപ്രകാരം) | | | | | | | |
| ദുരിതാശ്വാസ നിധി | | 9884 | 0 | 9884 | 0 | 9884 | 0% |
| എൻ. ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 1,23,48,443 | 1,23,48,443 | 1,23,48,443 | 0 | 100% |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,99,103 | 10,99,709 | 12,98,812 | 10,29,530 | 2,69,282 | 79.26 % |
| ബി. ഫണ്ട് | | 0 | 4,26,27,640 | 4,26,27,640 | 4,26,27,640 | 0 | 100% |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (അണ്ടത്തോട് സർവീസ് കോപ്പറേറ്റീവ് ബാങ്ക്) | 27,58,566 | 99,04,435 | 1,26,63,001 | 81,79,161 | 44,83,840 | 64.59% |
| | ട്രഷറി അക്കൗണ്ട് | 89,35,476 | 1,40,71,996 | 2,30,07,472 | 1,83,09,656 | 46,97,816 | 79.58% |
| | E-payment (State Bank) | 47,283 | 10,16,304 | 1063587 | 4,69,718 | 5,93,869 | 44.16 % |
| മറ്റിനം | MN ലക്ഷംവീട് | 1,05,950 | 4102 | 109962 | 0 | 1,09,962 | 0 % |
| | PYKA SBT | 6,31,576 | 23,526 | 6,55,102 | 0 | 6,55,102 | 0 % |
| | PLAN | 8,82,860 | 27,36,989 | 36,19,849 | 19,20,372 | 16,99,477 | 53.05 % |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | പൂർണമായും നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 58731457 | 136 | 4,11,28,369 | 3 | 30 | 80 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,99,103 | 10,99,709 | 12,98,812 | 10,29,530 | 2,69,282 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,23,48,443 | 1,23,48,443 | 1,23,48,443 | 0 |
| ആകെ | 1,99,103 | 1,34,48,152 | 1,36,47,255 | 1,33,77,973 | 2,69,282 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം Unemployment Allowance Scheme | 30,240 | 51 |
| കർഷകതൊഴിലാളി പെൻഷൻ Pension for Agricultural Workers | 52,37,100 | 462 |
| വിധവാപെൻഷൻ Destitute /Widow Pension | 1,18,65,500 | 1012 |
| വാർദ്ധക്യകാലപെൻഷൻ National Old Age Pension | 1,92,38,300 | 1622 |
| വികലാംഗപെൻഷൻ Pension for Physically Challenged/Mentally Challenged | 4765,500 | 403 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ Pension for Unmarried women aged above 50 | 5,81,000 | 49 |
| വിവാഹ ധനസഹായം Financial Help for Widow's Daughters Marriage | 8,40,000 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,826/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1)വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സിൽ പ്രോജക്ടുകൾ അംഗീകരിക്കുക എന്നതല്ലാതെ പ്രോജക്ടുകളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുകയോ മോണിറ്ററിങ്ങ് കമ്മിറ്റിയായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. മാത്രമല്ല തിയ്യതി,തീരുമാനം,എന്നിവ രേഖപ്പെടുത്തി മിനട്സ് ക്ലോസ്സ് ചെയ്യുന്നില്ല.
2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്:-പ്രധാന രേഖകളായി പഞ്ചായത്തിൽ സൂക്ഷിക്കേണ്ട ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,ഇൻകൃമ്പൻസി രജിസ്റ്റർ(തൻവർഷം),തെരുവ് വിളക്കുകളുടെ എണ്ണം ,ഇനം എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
3)വിവരാവകാശ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിലെ കോളങ്ങൾ അപൂർണ്ണമാണ്. തൻ വർഷം 53 വിവരാവകാശ അപേക്ഷകൾ ലഭിക്കുകയും അവ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.
4)ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്റർ മാസാന്ത്യ ക്ലോസ്സിങ്ങ് നടത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2019 | 01/2019 | 14.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.07.2006 മുതൽ 29.07.2006 വരെ | 1997-98 മുതൽ 2005-06 വരെ | 26.09.2006 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

1. വാർഷിക ധനകാര്യ പത്രികയുടെ കൂടെ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ(റേഷ്യോസ്) എന്നിവ സമർപ്പിച്ചിട്ടില്ല.

2. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിനു മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3.Schedule I-18 ൽ താഴെ പറയുന്ന തുകകൾ എഴുതി തള്ളിയിട്ടുണ്ട്. ഭരണ സമിതി തീരുമാനം ഇല്ലാതെ തുക എഴുതി തള്ളിയതിന്റെ ആധികാരികത വ്യക്തമല്ല.

| Code | Amount |
|---|---|
| 280100101 | 2119848 |
| 280100102 | 9690 |
| 280800401 | 5000 |
| 280800101 | 5000 |
| 280800201 | 513905 |
| 280800301 | 30000 |
| 280800501 | 397093 |

4. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

5. നിഷ്ക്രിയ അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടില്ല.

| Account | Amt |
|---|---|
| PNB,Eramangalam<br>(Plan) | 16,99,477 |

6. Capital Work in Progress (Balancesheet) ആയി 631600 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായ ടി പ്രവൃത്തി (Proj-158/18-LP/UP School Biogas Plant) തൻവർഷത്തിൽ തന്നെ പൂർത്തീകരിച്ച് ഫൈനൽ ബിൽ ആയിട്ടുള്ളതാണ്.

7. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സ്റ്റോക്ക് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. പിരിഞ്ഞ് കിട്ടാനുള്ള തുകകൾക്ക് പ്രൊവിഷൻ വച്ചിട്ടില്ല.

9.ദുരിതാശ്വാസ നിധി (ASCB,Eramangalam) നീക്കിയിരിപ്പ് തുക 9884 – പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.

10. VPFA-1 – 7000 രൂപ നീക്കിയിരിപ്പ് തെറ്റായി വാർഷിക കണക്കിൽ ഉൾപ്പെടുത്തി.

11. ബജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

12. വെറ്റിനറി സർജൻ, ഹെഡ്മാസ്റ്റർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ TR 7A കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

13. Cash flow statement പ്രകാരമുള്ള Net Balance, Grand Total (A+B+C) എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

Net Balance – (1062969)

Grand Total- (3168680)

14. മുൻ വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ സൂക്ഷിപ്പിലെ/പിരിവ് സംബന്ധിച്ച അപാകതകൾ

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പായും ലൈസൻസിന് സമർപ്പിക്കേണ്ടതുണ്ട്.

എന്നാൽ 2017-18 വർഷത്തിൽ 271 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 2016-17 ൽ 264 സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്. പുതുക്കി നൽകിയ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിച്ചിട്ടില്ല. പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ഡിമാന്റ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 01/22.02.2019) ലൈസൻസ് യഥാസമയം പുതുക്കുന്നതിന് നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നതാണ് എന്നും ചില സ്ഥാപനങ്ങൾ നിർദ്ദിഷ്ട സമയത്ത് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നും ടി സ്ഥാപനങ്ങൾക്ക് ആവർത്തിച്ച് അറിയിപ്പ് നൽകിയതിനെ തുടർന്നാണ് വൈകിയെങ്കിലും അപേക്ഷ സമർപ്പിച്ചത് എന്നുമാണ് ലൈസൻസ് സെക്ഷൻ മറുപടിയായി അറിയിച്ചത്.അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പുതിയ അപേക്ഷകർ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2016-17 ലൈസൻസ് അനുവദിച്ച എല്ലാ കടകളും 2017-18 ൽ പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്. 2016-17 ൽ ക്ലോസ് ചെയ്ത കടകളുടെ വിവരം രജിസ്റ്ററിലോ , ട്രേഡേഴ്സ് ലിസ്റ്റിലോ ഇല്ല. അത്തരം സ്ഥാപനങ്ങളെ പ്രത്യേകം ലിസ്റ്റ് ചെയ്യേണ്ടതാണ്. ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ റേഷൻകടകൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയിട്ടില്ല. റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസും , വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനുള്ള തുടർനടപടി സ്വീകരിക്കുമെന്ന് ഓഡിറ്റ് അന്വേഷണ ക്കുറിപ്പിന് (നമ്പർ 01/22.02.2019) മറുപടിയായി അറിയിച്ചു.

## 2-2 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പ്രദേശത്ത് ഓരോ അർദ്ധ വർഷത്തിലും മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടേയും, 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തോ അല്ലെങ്കിൽ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് പഞ്ചായത്തിന് വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുകയോ, ഉദ്യോഗം വഹിക്കുന്നതോ അല്ലെങ്കിൽ 60ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും

ചെയ്യുന്നവനോ ആയ ഏതൊരാൾക്കും തൊഴിൽ നികുതി ചുമത്തേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 )

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് രജിസ്റ്റർ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 3 | TT ഹോളോ ബ്രിക്സ് | 7 |
| 2 | 8 | മലബാർ ബേക്കറി | 4 |
| 3 | 9 | ഇ-മാർട്ട് | 4 |
| 4 | 14 | അൽ അമീൻ ടിംബർ ഇന്റസ്ട്രീസ് | 5 |
| 5 | 16 | സിറ്റി പെട്രോളിയം | 5 |
| 6 | 51 | K.R ബേക്കറി | 4 |
| 7 | 94 | Ess Vee ഏജൻസീസ് പെട്രോൾ പമ്പ് | 6 |
| 8 | 112 | ബിസ്മി ട്രേഡേഴ്സ് | 6 |
| 9 | 148 | റയ്യാൻ സീരീസ് | 4 |
| 10 | 218 | മത്സ്യഫെഡ് പ്രോൺ ഹാച്ചറി | 3 |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. 3 ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന കച്ചവട സ്ഥാപനങ്ങളുടെ ഏതാനം ഉദാഹരണങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളത്. 2 ൽ കൂടുതൽ ജീവനക്കാർ ജോലി

ചെയ്യുന്ന ധാരാളം കച്ചവട സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/22.02.2019) മറുപടി ലഭ്യമാക്കിയില്ല

## 2-3 കെട്ടിട നിർമാണ അപേക്ഷകളെ കുറിച്ചുള്ള വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല

കെട്ടിട നിർമാണ അപേക്ഷയിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനായി 16.12.2013 ലെ 73576/ആർ.എ1/2013 ത.സ്വ.ഭവ നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമാണ അപേക്ഷകളെ സംബന്ധിച്ചുള്ള വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ നിശ്ചിത പ്രഫോർമയിൽ പ്രസിദ്ധീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് കർശനമായി പാലിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എ2-23277/2013 തിയതി 01.08.2017 നമ്പർ കത്ത് മുഖേന സെക്രട്ടറിയെ അറിയിച്ചതുമാണ്. എന്നാൽ കെട്ടിട നിർമാണ അപേക്ഷകളുടെ വിവരം ഓരോ മാസാവസാനവും തൻമാസ അപേക്ഷകളെ സംബന്ധിച്ച സംക്ഷിപ്ത വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ (www.lsgkerala.in/veliancodepanchayat) പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 32/27.02.2019)

## 2-4 പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ -സംബന്ധിച്ച്

ബിൽഡിംഗ് ലൈസൻസിനുള്ള അപേക്ഷ ഫ്രണ്ട് ഓഫീസിൽ ലഭിച്ചത് മുതൽ അതിന്റെ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ (തീയതി ഉൾപ്പെടെ) രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് പെർമിറ്റ് രജിസ്റ്ററിലാണ്. എന്നാൽ പഞ്ചായത്തിൽ സെക്ഷൻ സൂക്ഷിക്കുന്ന പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. പെർമിറ്റ് രജിസ്റ്ററിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പെർമിറ്റ് രജിസ്റ്ററിൽ തറ വിസ്തീർണ്ണാനുപാതവും(FAR), വ്യാപ്തിയും (Coverage)രേഖപ്പെടുത്തിയിട്ടില്ല.

2. രജിസ്റ്ററിൽ Application Fee, Permit Fee (കോളം നമ്പർ 8) എന്നിവ അതാത് കോളത്തിൽ തന്നെ രസീതി നമ്പറടക്കം രേഖപ്പെടുത്തുന്നില്ല

3. എൽ എസ് ജി ഡി എഞ്ചിനിയർ സെക്ഷന് പെർമിറ്റ് ഫയൽ കൈമാറുമ്പോഴും, തിരിച്ച് ലഭിക്കുമ്പോളും അതാത് കോളത്തിൽ (9,10,11) തീയതി രേഖപ്പെടുത്തുന്നില്ല.

4. ക്രമവൽകൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതില്ല. ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ (റഗുലൈസേഷൻ രജിസ്റ്റർ) ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5. പൂർത്തീകരണ തീയതിയും (കോളം നമ്പർ 16) നമ്പറിംഗ് നൽകിയതിന്റെ വിശദാംശങ്ങളും (കോളം നമ്പർ 19,20) രേഖപ്പെടുത്തുന്നില്ല.

6. പെർമിറ്റ് നിരസിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം (കോളം നമ്പർ 22) രേഖപ്പെടുത്തുന്നില്ല.

7. സെക്രട്ടറി പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് മൊത്തത്തിൽ നിരീക്ഷിക്കേണ്ടതും ആയത് (കോളം നമ്പർ 21) ഇനീഷ്യൽ ചെയ്യേണ്ടതുമാണ്.

8.പെർമിറ്റ് രജിസ്റ്ററിന്റെ വാർഷിക സംഗ്രഹം സെക്ഷൻ തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
9. ബിൽഡിംഗ് പെർമിറ്റിന് ലഭിക്കുന്ന അപേക്ഷകളുടെ സംക്ഷിപ്തം പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നില്ല
10. പെർമിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് പെർമിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/27.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല

## 2-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 94354 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2017-2018 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുക പിരിച്ചെടുക്കുവാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

കുടിശ്ശിക ഡിമാന്റ് പിരിവ് ബാക്കി- 6,74,253 രൂപ

തൻവർഷം ഡിമാന്റ് പിരിവ് ബാക്കി – 3,38,782 രൂപ

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നികുതി പിരിവ് 100 % എന്ന ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 PHC അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 10074 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്റ്റ് നം - 95/18

എം. ബുക്ക് - 92/15-16

കരാർ - 25/25.2.17(Tender below – 5.81%)

മൂല്യനിർണ്ണയം - 538440

ബിൽ - 1/22.7.17

കരാറുകാരൻ -PP.അഷറഫ്

Cost Index -36.19% (DSR 2014)

PHC കെട്ടിടത്തിന് അറ്റകുറ്റപണിയുടെ ഭാഗമായി കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 140.14/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 630.42 kgവരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് (DSR 50.10.2) പ്രകാരം 123.18/kg രൂപയാണ്. ജി.ഐ.പൈപ്പ് ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. 26.2.19 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തി സിംഗിൾ സെക്ഷനാണെന്ന് ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 1 | 2267.16 kg x 132/kg = 299265<br>(140.14/kg-5.81% = 132/kg) | 1636.74 kg x 132/kg = 216049.68<br>630.42 kg x 116.02/kg = 73141.32<br>289191 | 10074 |

| | | | |
|---|---|---|---|
| | | (216049.68+73141)<br>(123.18/kg-5.81% = 116.02/kg) | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 19 /26.2.19 ) മറുപടിയായി നഷ്ടതുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. നഷ്ടതുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 10074 രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 സർവീസ് ടാക്സ് അടവാക്കിയില്ല – കരാറുകാരന് അധികം നൽകിയത് 18920 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ സർവീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചു. സർവീസ് ടാക്സ് അടവാക്കിയിട്ടില്ലാത്തതിനാൽ കരാറുകാരിൽ നിന്നും സർവീസ് ടാക്സ് ഇനത്തിലുള്ള തുക തിരികെ ഈടാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | മൂല്യ നിർണ്ണയം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| SO099/18<br>വിവിധ അംഗനവാടികളുടെ നവീകരണം MB-101/16-17<br>ബിൽ-20/24.2.18<br>കരാർ - 6/24.1.17<br>കരാറുകാരൻ- E.ശിവദാസൻ | 199121<br>(180201+18920 ST) | 18920 | 0 | 18920 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 10 /23.2.19 ) മറുപടിയായി നഷ്ടതുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. നഷ്ടതുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 18920 രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-3 മരാമത്ത് പ്രവൃത്തി - ബിറ്റുമിന് വില അധികം നൽകിയത് തിരികെ ഈടാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ഭാഗമായി നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ എത്രയെന്ന് കണ്ടെത്തുകയും ആയത് പൊതുമേഖലാ എണ്ണകമ്പനികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട് വാങ്ങി കോൺട്രാക്ടർമാരുടെ ആവശ്യ പ്രകാരം അടിയന്തിരമായി ലഭ്യമാക്കുന്നതിനും 10.2.17 ലെ 75/ഡി.എ 1/2017 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പാക്കേണ്ട ടാറിംഗ് പ്രവൃത്തികൾക്ക് വേണ്ടി താഴെ പറയും പ്രകാരം ബിറ്റുമിൻ വാങ്ങിയിട്ടുണ്ട്. പ്രവൃത്തികൾ 2017-18 വർഷത്തിലാണ്

പൂർത്തിയായിട്ടുള്ളതും ഫൈനൽ ബിൽ അനുവദിച്ചതും.

| | | |
|---|---|---|
| VG 30 Bitumen | 22909.28 | 147 Barrel |
| RS1 Emulsion | 2604.82 | 15 Barrel |

Bhrath Petrolium Corperation Ltd, Kochi യുടെ ഇൻവോയ്സുകൾ പ്രകാരം ടാറിന്റെ വില താഴെ പറയുന്നു

| Invoice | Item | Qty | Amt |
|---|---|---|---|
| 606062/8.5.17 | RS1 Emuision | 15 DRK | 97662 |
| 11732/4.5.17 | VG 30 | 60 DRK | 304478 |
| 13468/8.5.17 | VG 30 | 7DRK | 35522 |
| 13224/8.5.17 | VG 30 | 80 DRK | 405970 |
| TOTAL | | | 8,43,632 |

പ്രവൃത്തികൾ

| ക്രമ നം | പ്രവൃത്തി | തുക | ബിൽ |
|---|---|---|---|
| 1 | കളത്തിൽ പടി അയിരൂർ റോഡ് റീടാറിംഗ് | 24133 | 24/31.3.17 |
| 2 | അയ്യോട്ടിച്ചിറ ഗ്രാമം ലക്ഷംവീട് കോളനി റോഡ് റീടാറിംഗ് | 1,57,581 | 27/31.3.17 |
| 3 | പാതിരം കോളനി റോഡ് മെറ്റലിംഗ് & ടാറിംഗ് | 1,80,254 | 25/31.3.17 |
| 4 | കല്ലൂർപുള്ളി അമ്പലം റോഡ് മെറ്റലിംഗ്&ടാറിംഗ് | 66,955 | 29/31.3.17 |
| 5 | കരുണാകരൻ സ്മാരക റോഡ് മെറ്റലിംഗ്&ടാറിംഗ് | 87,181 | 19/31.3.17 |
| 6 | CC പാത്ത്‌വേ മെറ്റലിംഗ്&ടാറിംഗ് | 52,971 | 26/31.3.17 |
| 7 | അയ്യോട്ടിച്ചിറ താനിത്തറ റോഡ് മെറ്റലിംഗ്&ടാറിംഗ് | 37,086 | 20/31.3.17 |
| 8 | അരക്കില്ലംകുന്ന് മടക്കാട്ട് കുന്ന് മെറ്റലിംഗ്&ടാറിംഗ് | 37,742 | 28/31.3.17 |
| 9 | ആലിൻചോട് AKG റോഡ് മെറ്റലിംഗ്&ടാറിംഗ് | 43,733 | 21/31.3.17 |
| 10 | കോതമുക്ക് വെളിയങ്കോട് High School റോഡ് റീടാറിംഗ് | 40,725 | 22/31.3.17 |
| 11 | പെരുമുടിശ്ശേരി കവലങ്ങാട്ട് | 1,66,614 | 23/31.3.17 |

| | | | |
|---|---|---|---|
| | OLH റീടാറിംഗ് | | |
| ആകെ | | 8,94,975 | |

മേൽ പ്രവൃത്തികൾക്ക് വേണ്ടി ബിറ്റുമിൻ വാങ്ങുന്നതിന് 16-17 വർഷത്തിൽ അസി.എഞ്ചിനീയറുടെ ബിൽ ബുക്ക് പ്രകാരം ബിറ്റുമിന്റെ വിലയിനത്തിൽ 8,94,975 രൂപ പിൻവലിച്ചിട്ടുണ്ട്. പിൻവലിച്ച തുക സെക്രട്ടറിയുടെ TSB അക്കൗണ്ടിലേക്ക് നൽകുകയും അവിടെ നിന്നും 865455/20.4.17 നമ്പർ DD പ്രകാരം Bhrath Petrolium Corperation Ltd, Kochi ക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ ബിറ്റുമിന്റെ ആഡിക്വസി കണക്കാക്കി നൽകിയത് പ്രകാരം സ്ഥാപനം(Bhrath Petrolium Corperation) ലഭ്യമാക്കിയ പ്രഫോർമ ഇൻവോയിസിൽ ടാറിന്റെ വിലയായി 8,94,975/-രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ടാർ ഗ്രാമപഞ്ചായത്തിന് സപ്ലൈ ചെയ്ത സമയത്ത് ടാറിന്റെ വില കുറഞ്ഞിരുന്നു. അതുകൊണ്ട് തന്നെ രണ്ടാമത് ലഭ്യമായ ഇൻവോയ്സിൽ 8,43,632/-രൂപയാണ് ബിറ്റുമിന്റെ വിലയായി കാണിച്ചിരുന്നത്. ടാറിന്റെ വില മുൻകൂറായി നൽകിയതിനാൽ 51343/-രൂപ അധികമായി നൽകാൻ ഇടവന്നു. അധികം നൽകിയ തുക Bhrath Petrolium Corperationൽ നിന്നും ഈടാക്കുന്നതുമായി ബന്ധപ്പെട്ട് മുൻ റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട് എന്നാൽ പ്രവൃത്തികൾ മുഴുവനും പൂർത്തീകരിച്ചിട്ടും നിർവഹണ ഉദ്യോഗസ്ഥനോ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോ അധികം നൽകിയ തുക ഈടാക്കാൻ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല എന്നത് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കാണുന്നു. 51,343 രൂപ തിരികെ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 11 /23.2.19 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 വിവിധ അംഗനവാടികൾ നവീകരണം -അപാകത - അധികം നൽകിയത് 6413 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്റ്റ് നം. - 97/18

എം. ബുക്ക് - 101/16-17

കരാർ - 25/25.2.17(Estimate rate)

മൂല്യനിർണ്ണയം - 199121

ബിൽ - 20/30.1.18

കരാറുകാരൻ -E.ശിവദാസൻ

Cost Index -36.19% (DSR 2014)

വിവധ അംഗനവാടികളുടെ നവീകരണത്തിന്റെ ഭാഗമായി 84 ാം നമ്പർ അംഗനവാടി കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 140.14/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 378.18 kgവരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് (DSR 50.10.2) പ്രകാരം 123.18/kg രൂപയാണ്. ജി.ഐ.പൈപ്പാണ് പ്രവൃത്തിക്ക് വേണ്ടി ഉപയോഗിച്ചിട്ടുള്ളത്. 26.11.18 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തി സിംഗിൾ സെക്ഷനാണെന്ന് ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 1 | 623.48 kg x 140.14/kg = 87374 | 245.3 kg x 140.14/kg = 34376.34<br>378.18 kg x 123.18/kg = 46584.21<br>80960.55 | 6413 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 18 /26.2.19 ) മറുപടിയായി

നഷ്ടതുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. നഷ്ടതുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 6413രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-5 സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി - സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

സ.ഉ.(എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ തി.3.4.17 ഉത്തരവ് പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് വീട് വക്കുന്നതിന് ധനസഹായം ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെയാണ് അനുവദിക്കാവുന്നത്. ധനസഹായത്തിന് ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റും വ്യവസ്ഥകളുമാണ് ബാധകം മാത്രമല്ല ഈ ഉത്തരവിലെ പൊതു നിബന്ധനകളിൽ ഖ.2(2) പ്രകാരം ഈ മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെയല്ലാതെ താഴെ പറയുന്ന പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. (2,00,000 രൂപ ധനസഹായം)

പ്രോജക്റ്റ് - 35/2018 (ഭവന നിർമ്മാണം -ജനറൽ )

ഗുണഭോക്താക്കൾ - 39 എണ്ണം

ചെലവഴിച്ച തുക - 36,75000

| ബിൽ | തുക |
|---|---|
| 13/22.1.18 | 12,00,000 |
| 14/30.1.18 | 10,50,000 |
| 17/9.3.18 | 1,00,000 |
| 21/9.3.18 | 6,50,000 |
| 26/24.3.18 | 6,75000 |

മേൽ പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8 /23.2.19 ) മറുപടിയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള ഭരണ സമിതി തീരുമാനമാണ് ലഭ്യമാക്കിയിട്ടുള്ളത്. ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവു തുക 36,75000 രൂപ തടസ്സം ചെയ്യുന്നു.

## 3-6 ലൈഫ് മിഷൻ ഭവന പദ്ധതി - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയിൽ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മുൻ വർഷങ്ങളിൽ പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി (EMS ഭവന നിർമ്മാണം) തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തുകയും താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്തു. എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി പറയുന്ന ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരണം സംബന്ധിച്ച രേഖകൾ (സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഭവനത്തിന്റെ ഫോട്ടോ) ഫയലിൽ നിന്നും ലഭ്യമായിട്ടില്ല .

പ്രോജക്റ്റ് - SO162/2018

| ഗുണഭോക്താവ് | തുക | ചെക്ക് നം |
|---|---|---|
| ബീവിക്കുട്ടി നാലകത്ത് | 70000 | 2105174/27.3.18 |
| | 50000 | 2105167/13.3.18 |

| | | |
|---|---|---|
| ബാപ്പിനു കരുമാന്റെകായിൽ | 25000 | 2105167/13.3.18 |
| റംല കൊലനാടിയിൽ | 15000 | 2105163/23.2.18 |
| | 25000 | 2105157/19.1.18 |
| ആകെ | 185000 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 7 /23.2.19 ) മറുപടിയായി രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവു തുക 185000 രൂപ തടസ്സം ചെയ്യുന്നു.

## 3-7 ഭവന നിർമ്മാണ പദ്ധതി - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഭവന പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ (സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഭവനത്തിന്റെ ഫോട്ടോ) ഇല്ലാതെ തന്നെ അവസാന ഗഡു അനുവദിച്ചു .രേഖകളുടെ അഭാവത്തിൽ ചെലവ് തുക 160000 രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്റ്റ് - SO119/2018 (ഭവന നിർമ്മാണം -ജനറൽ )

ചെക്ക് നം - 2105158/22.1.18-1,60,000

ചെക്ക് നം - 2105145/24.10.17-480000

| ഗുണഭോക്താവ് | തുക | ചെക്ക് നം |
|---|---|---|
| ബിന്ദു.കെ | 20000 | 2105158/22.1.18 |
| മുംതാസ്.കെ | 40000 | |
| ആയിഷാബി | 40000 | |
| ഷീജ.പി.പി | 20000 | |
| മുസ്താക്കി.എം | 80000 | 2105145/24.10.17 |
| ആകെ | 200000 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 9 /23.2.19 ) മറുപടിയായി രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവു തുക 200000 രൂപ തടസ്സം ചെയ്യുന്നു.

## 3-8 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 9 ഉപവകുപ്പ് (1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 31) HMC കളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളായ പി.എച്ച്.സി, ഗവ.ആയുർവേദ ഡിസ്പെൻസറി, ആയുഷ് പി.എച്ച്.സി (ഹോമിയോപതി), ഗവ.ഫിഷറീസ് ഡിസ്പെൻസറി എന്നിവിടങ്ങളിൽ രൂപീകരിച്ചിട്ടുള്ള എച്ച്.എം.സി കളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമയബന്ധിതമായി സമർപ്പിക്കുന്നില്ല.

1. പ്രാഥമികാരോഗ്യ കേന്ദ്രം, വെളിയങ്കോട്

എച്ച്.എം.സി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവു-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് HMC കളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമെന്ന് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

2. ഗവ. ആയുർവേദ ഡിസ്പെൻസറി , എരമംഗലം

എച്ച്.എം.സിയുടെ 2015-16 മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2017-18 വർഷത്തെ വരവ് – ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കി അവശേഷിക്കുന്ന 2015-16, 2016-17 വർഷങ്ങളിലേത് കൂടി അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3. ആയുഷ് പി.എച്ച്.സി (ഹോമിയോപതി) വെളിയങ്കോട് ഗ്രാമ പഞ്ചായത്ത്

എച്ച്.എം.സി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് HMC കളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമെന്ന് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

4. ഗവ. ഫിഷറീസ് ഡിസ്പെൻസറി, വെളിയങ്കോട്

എച്ച്.എം.സി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വരവ്-ചെലവ് കണക്കുകൾ ഓരോ വർഷവും ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നോട്ടം കാര്യക്ഷമമാക്കേണ്ടതുമാണ്. ലഭ്യമാക്കാൻ അവശേഷിക്കുന്ന വരവ്-ചെലവ് കണക്കുകൾ അടിയന്തിരമായി സമർപ്പിക്കാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്.

## 3-9 യുവജന വികസന പദ്ധതി- രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു.

പ്രൊജക്ട് 121/18

അടങ്കൽ 301540- വികസന ഫണ്ട് എസ്.സി.പി

ചെലവ് 3,00,000 ബിൽ 4/13.10.17

നിർവ്വഹണം- അസി.സെക്രട്ടറി

പ്രൊജക്ട് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് 1,50,000 രൂപ വീതം നാലു ചക്ര വാഹനം വാങ്ങുന്നതിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വാഹനം വാങ്ങുന്നതിന് വായ്പ അനുവദിച്ചിട്ടുണ്ട് എന്ന ബാങ്ക് രേഖകളുടെ അടിസ്ഥാനത്തിൽ ബാങ്കിനാണ് പണം കൈമാറിയത്. ആനുകൂല്യം കൈപ്പറ്റിയ ശ്രീ. ജയറാം മാരാത്ത്, എരമംഗലം എന്നയാൾ ടാക്സി കാർ വാങ്ങി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (3/15.3.18 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയിൽ 1,50,000 രൂപ തടസ്സം ചെയ്യുന്നു.

## 3-10 സ്കൂളുകൾക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ. പദ്ധതി രൂപീകരണ പ്രകാരം നിർവ്വഹണം സാധ്യമായില്ല.

പ്രൊജക്ട് ( 158/18)
അടങ്കൽ: 1263200 (ധനകാര്യ കമ്മീഷൻ അവാർഡ് തുക)
ചെലവ്: 631600 (ബിൽ 7/17.2.18)
നിർവ്വഹണം : ഹെഡ്മിസ്ട്രസ്

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ 6 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പ്രൊജക്ട് പ്രകാരം IRTC മുണ്ടൂർ എന്ന സ്ഥാപനത്തെ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കുകയും 6 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻകൂറായി 50 % തുക നൽകുകയും ചെയ്തു. 3 സർക്കാർ സ്കൂളുകളിലും 3 എയിഡഡ് സ്കൂളുകളിലുമാണ് നിർമ്മാണം നടത്താൻ ലക്ഷ്യമിട്ടത്.സർക്കാർ സ്കൂളുകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തു.എന്നാൽ എയ്ഡഡ് സ്കൂളുകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുകയോ നിർവ്വഹണ ഏജൻസിയായ ഐ.ആർ.ടി.സി ക്ക് കൈമാറുകയോ ചെയ്തില്ല. 5.2.2018 ന്

നിർവ്വഹണ ഏജൻസിയും ഇംപ്ലിമെന്റിംഗ് ഓഫീസറും തമ്മിലുള്ള കരാർ പ്രകാരം 6 സ്കൂളുകളിലേക്ക് പ്ലാന്റ് നിർമ്മിക്കുന്നതിന് കരാർ പ്രകാരമുള്ള തുകയുടെ 50% ആയ 631600 രൂപ കൈമാറി. ജി.എൽ.പി.എസ് വെളിയങ്കോട് ന്യൂ, ജി.എം.എൽ.പി സ്കൂൾ വെളിയങ്കോട്, ജി.എഫ്.എൽ.പി സ്കൂൾ വെളിയങ്കോട് എന്നീ സ്കൂളുകളിൽ പ്ലാന്റ് നിർമ്മാണം പൂർത്തീകരിക്കുയും ചെയ്തു. 27.2.19 ന് മൂന്ന് പ്ലാന്റുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായും ബാക്കി മൂന്നെണ്ണത്തിന്റെ കാര്യത്തിൽ കൃത്യമായ നിർദ്ദേശം ലഭിക്കുന്ന മുറക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സന്നദ്ധമാണെന്നും അറിയിച്ചു.മൂന്ന് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച ശേഷം നികുതികൾ കഴിച്ച് 50714 രൂപ IRTC പക്കൽ ബാക്കിയുള്ളതായും അറിയിച്ചു.

പദ്ധതി രൂപീകരണ വേളയിലും ഏജൻസിക്ക് പണം കൈമാറുന്ന വേളയിലും കരാറിലേർപ്പെട്ട സമയത്തും നിർമ്മാണം നടത്തുവാൻ കഴിയുന്ന രീതിയിൽ സ്ഥല ലഭ്യത ഉറപ്പാക്കുന്നതിന് ഇംപ്ലിമെന്റിംഗ് ഓഫീസർക്കായില്ല.മാത്രവുമല്ല, സ്ഥല ലഭ്യത ഉറപ്പാക്കാതെ 6 പ്ലാന്റുകളുടെ നിർമ്മാണ ചെലവായി കണക്കാക്കിയ 12,63,200 രൂപയുടെ 50% തുക IRTC ക്ക് നൽകിയതും ക്രമത്തിലല്ല. ഇക്കാരണത്താൽ അനർഹമായ വിധത്തിൽ IRTC യുടെ പക്കൽ പണം മുടങ്ങിക്കിടക്കുന്നതിനും 100 ശതമാനം തുകയും ആദ്യമേ കൈമാറിയതു പോലെ ആവുകയും ചെയ്തു. ഇക്കാര്യത്തിൽ ഫലപ്രദമായ മോണിറ്ററിംഗ് ഉണ്ടായില്ല. ബാക്കി തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

## 3-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- അപാകതകൾ

പ്രൊജക്ട്-7/18
അടങ്കൽ 5,56,000 എ-ഫണ്ട് SCP
ചെലവ് 550810
ട്രഷറി ബിൽ: 2/14-12-2017 ₹ 434850
8/15-03-2018 ₹115960
നിർവ്വഹണം- ഹെഡ്മിസ്ട്രസ്സ്

എ).യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നല്കി.

പ്രൊജക്ട് പ്രകാരം കെൽട്രോണിൽ നിന്നും 28990 രൂപ നിരക്കിൽ 19 ലാപ്ടോപ്പുകൾ വാങ്ങി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ , തിയ്യതി 03.04.17 ലെ ഖ: 11.8.7 പ്രകാരം പാരലൽ കോളജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.എന്നാൽ പാരലൽ കോളജുകളിൽ പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അത്തരം രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നല്കിയതായി കാണുന്നു.

1.വർഷ.കെ.വി - അക്ഷര കോളേജ് വടക്കേകാട്
2.വിൻസി മാരാത്ത് - മെഴ്സി കോളേജ് ,ഗുരുവായൂർ
3.പ്രജിത്ത് കെ.വി- പി.ജി.അക്കാഡമി,എടപ്പാൾ
4.ഹരിത കറുങ്ങാട്ട്- പ്രതിഭ കോളേജ്,പുന്നയൂർക്കുളം

ബി). ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസക്കുന്നതായ രേഖകൾ ഇല്ലാതെ ആനുകൂല്യം നൽകി.

സനില.കെ.ജി എന്ന വിദ്യാർത്ഥിനി ഹാജരാക്കിയ രേഖകൾ പ്രകാരം ടിയാൾ തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമ പഞ്ചായത്ത് നിവാസിയാണ്.വെളിയങ്കോട് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്നയാളാണെന്ന് തെളിയിക്കുന്നതിന് ആവശ്യമായ യാതൊരു രേഖകളും ഹാജരാക്കാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27 / 26.2.19) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 5 ലാപ്ടോപ്പുകളുടെ വിലയായ 144950 രൂപ തടസ്സം ചെയ്യുന്നു.

## 3-12 പട്ടികജാതിക്കാരായ കുട്ടികൾക്ക് സൈക്കിൾ നൽകൽ– സൈക്കിളുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

പ്രൊജക്റ്റ് 16/17
നിർവ്വഹണം: ഹെഡ് മിസ്ട്രസ്, ജി.എൽ.പി.സ്കൂൾ (ന്യൂ)
അടങ്കൽ 238700 ( എ-ഫണ്ട് ജനറൽ 232300, SCP 6400)
ചെലവ് 2,32,300 എ-ഫണ്ട് ജനറൽ ട്രഷറി ബിൽ 6/27.1.18

പ്രൊജക്റ്റ് പ്രകാരം 60 സൈക്കിളുകൾ സഫാരി സൈക്കിൾസ് മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് തി. 5.12.17)
ബോയ്സ് സൈക്കിൾ 28 @ 3765
ഗേൾസ് സൈക്കിൾ 32@ 3965.
ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല.വകുപ്പിൽ നിന്നും കിട്ടിയിട്ടില്ല എന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഇക്കാര്യങ്ങൾ ഉറപ്പു വരുത്തിയ വിവരം ലഭ്യമല്ല. 64 പേരുടെ ലിസ്റ്റ് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 58 സൈക്കിളുകളുടെ വിതരണ വിവരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 2 ബായ്സ് സൈക്കിളുകളുടെ വിലയായ 7530 രൂപ തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി 28/ 26.2.19). സൈക്കിളുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-13 ബാലസഭ- സി.ഡി.എസ്സിന് കൈമാറിയ മുഴുവൻ തുകയും ചെലവഴിച്ചില്ല.

പ്രൊജക്റ്റ് - 7/18
അടങ്കൽ 30,000 വികസന ഫണ്ട് -ജനറൽ
ചെലവ് 30,000
നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ
ബാലസഭ പ്രൊജക്റ്റിനായി ട്രഷറി ബിൽ 5/26.2.18 വഴി പിൻവലിച്ച 30,000 രൂപ സി.ഡി.എസ് ചെയർ പേഴ്സൺന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.കൈമാറിയ തുകയിൽ 21695 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക 8305 രൂപ തിരിച്ചടവാക്കേണ്ടതാണ്.

## 3-14 കാൻസർ രോഗനിർണ്ണയ ക്യാമ്പ്-നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാതെ പണം അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

പ്രൊജക്റ്റ് നമ്പർ 111/18
നിർവ്വഹണം- മെഡിക്കൽ ഓഫീസർ പി.എച്ച്.സി
അടങ്കൽ- 450000 ( 250000ധനകാര്യ കമ്മീഷൻ , 200000 തനത് ഫണ്ട്)
ചെക്ക് 2105175/31-03-2018 ₹ 72000, 2105172/27-03-2018 ₹101,000/-, 2105173/27-03-2018 ₹22650/-
ചെലവ് 195650 തനത് ഫണ്ട്.

പദ്ധതിയുടെ ഭാഗമായി വീടുകൾ തോറും സർവ്വേ, രോഗനിർണ്ണയ ക്യാമ്പ് എന്നിവയാണ് നടത്തിയിട്ടുള്ളത്.ക്യാമ്പ്,പരിശീലനം എന്നിവ നടത്തുന്നതിന് പ്രതിഫലമായി മലബാർ കാൻസർ കെയർ സൊസൈറ്റിക്ക് നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറുടെ അപേക്ഷ പ്രകാരം 1,01,000 രൂപ നൽകിയിട്ടുണ്ട് .(ചെക്ക് 2105172/27.3.18 ). പ്രസ്തുത തുക ഉപയോഗിച്ച് തുടർ പ്രവർത്തനങ്ങൾ നടത്താതെ മെഡിക്കൽ ഓഫീസറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പാലപ്പെട്ടി ശാഖയിലെ അക്കൗണ്ട് നമ്പർ 67023861401 ൽ സൂക്ഷിച്ചിരിക്കുന്നു.ഇക്കാര്യത്തിൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതി പണം മുൻകൂറായി പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. സ്പിൽ ഓവർ പ്രൊജക്റ്റായി അംഗീകാരം നേടിയിട്ടില്ലെങ്കിൽ തുക തിരിച്ചടവാക്കേണ്ടതാണ്.

## 3-15 തണൽ പരിരക്ഷ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രൊജക്റ്റ് 41/18
അടങ്കൽ 5,50,000 വികസന ഫണ്ട്-ജനറൽ
ചെലവ് 442748 രൂപ

തണൽ പരിരക്ഷ പ്രൊജക്ടിന്റെ ചെലവിലേക്കായി ബിൽ 2/28.10.17 പ്രകാരമുള്ള 2,10,745 രൂപയിൽ 1,60,000 രൂപ മരുന്ന് വാങ്ങുന്നതിനായി KMSCL ന് നൽകിയിട്ടുണ്ട്.എന്നാൽ 139645 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചതായി കാണുന്നുള്ളൂ. ബാക്കി 20355 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ
ഓഡിറ്റ് എൻക്വയറിക്ക് (30/26.2.19) മറുപടി ലഭ്യമാക്കിയിട്ടില്ല. 20355 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/പ്രോജക്റ്റ് നം. | ബിൽ നം, തി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോരിറ്റിക്ക് തുക അടവാക്കൽ 18/18 | 38/22.03.18 | 1100000/- | എടപ്പാൾ കെ.എസ്.ഇ.ബി എക്സി.എഞ്ചിനീയർക്ക് നൽകിയത് - വിശദമായ എസ്റ്റിമേറ്റ്,പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | എസ്.എസ്.എ ഷെയർ 45/18 | 01/05.07.17 i - | 800000/- | എസ്.എസ്.എ പ്രോജക്റ്റ് ഓഫീസർക്ക് നൽകിയത്, കൈപ്പറ്റ് രശീത്, ഹാജരാക്കിയിട്ടില്ല |
| 3 | പി.എം.എ.വൈ.ഷെയർ ജനറൽ 51/18 | 02/17-18 /05.07.17 | 1000000/- | പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 4 | പിഎം.എ.വൈ. ഷെയർഎസ്.സി.പി 151/18 | 03/05.07.17 | 250000/- | പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 5 | ഐ.കെ.എം.പ്രവർത്തന ഫണ്ട് 08/18 | 14/07.11.17/ 87455 | 72410 | 2017-18 വർഷത്തെ പ്രവർത്തന ഫണ്ടായി ഐ.കെ. എം. ന്നൽകിയത് |

| | | | | |
|---|---|---|---|---|
| | | | | കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല. |
| | | | 3222410/- | |

മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം - വിതരണം പൂർണ്ണമല്ല.

പ്രോജക്റ്റ് നം. 61/18
നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.

വികസന ഫണ്ട്-250000/-

തനത് ഫണ്ട്. 2300/-

ആകെ : 252300
ചെലവ്

1.ബിൽ നം. തിയ്യതി. -43/23.03.18-96000/-

2.ബിൽ നം. തിയ്യതി.-37/28.02.18-153600/-

മേൽ പ്രോജക്റ്റിന് വേണ്ടി ടെണ്ടർ വിളിച്ചത് പ്രകാരം അയങ്കലം വുഡ്ഇൻഡസ്ട്രീസ്,അയങ്കലം എന്ന സ്ഥാപനത്തിൽ നിന്നും ഓരോന്നിനും 3840/ രൂപ പ്രകാരം വാങ്ങി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.ആകെ 65 എണ്ണം വാങ്ങിയതിൽ 64 എണ്ണം വിതരണം നടത്തിയതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ.ഒരു കട്ടിൽ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല.രേഖകൾലഭ്യമല്ലാത്തതിനാൽ കട്ടിലിന്റെ വിലയായ 3840/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 സമ്പൂർണ്ണ വൈദ്യുതീകരണം-ഫയൽ ലഭ്യമല്ല.തുക തടസ്സപ്പെടുത്തുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി പ്രകാരം വയറിങ്ങ് ചെയ്തതിന്റെ സർട്ടിഫിക്കറ്റ്,റേഷൻ കാർഡ്,ആധാർ കാർഡ്, കണക്ഷൻ ലഭിച്ചതിന്റെ വിവരം എന്നിവ ഹാജരാക്കിയിന്റെ അടിസ്ഥാനത്തിൽ 53 ഗുണഭോക്താക്കൾക്ക് 2500/ രൂപ വീതം അവരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മിനേഷ്,പെരിന്തിരി എന്ന ഗുണഭോക്താവിന് ഒരു രേഖയും ഹാജരാക്കാതെ ടിയാന് 2500/ രൂപ കൈമാറിയതായി കാണുന്നു. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-19 ബി-ഫണ്ട് -വിവാഹധനസഹായം -അധിക തുക നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി
ബിൽ നം. തി. തുക 42/22.03.18 -480000/-

1. മേൽ പദ്ധതി പ്രകാരം വിവാഹധനസഹായമായി നൽകാവുന്ന തുക 30000/-രൂപയാണ്. എന്നാൽ താഴെ പറയുന്ന 12 ഗുണഭോക്താക്കൾക്ക് 40000/-രൂപ വീതം നൽകിയിട്ടുണ്ട്. അധികമായി 10000/-രൂപ വീതം 12 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ജി.ഒ.(പി)339/ഫിൻ. തീയതി 12-07-2013 പ്രകാരം വിവാഹധനസഹായം 30000/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1)ഫാത്തിമ.എം.കെ., പൊന്നാക്കാരൻ, വെളിയങ്കോട്

2)പാർവ്വതി, വടശ്ശേരി, എരമംഗലം

3)ദിനേശൻ.പി, പുന്നക്കൽ ഹൗസ്, വെളിയങ്കോട്

4)ഹംസ.എ.യു., ആലുങ്ങൽ, വെളിയങ്കോട്

5)ജമീല.എ. അറയിൽ ഹൗസ്, വെളിയങ്കോട്

6)പള്ളി., പടിഞ്ഞാറകത്ത്, വെളിയങ്കോട്

7)സുബൈദ.പി., മങ്കുഴിയിൽ, വെളിയങ്കോട്

8)ഉമ്മാവു.പി., കാറിന്റെകത്ത്, വെളിയങ്കോട്

9)ജമീല.ടി., തെക്കയിൽ, വെളിയങ്കോട്

10)കദീജ.കെ., കോയലിനിക്കാനകത്ത്, വെളിയങ്കോട്

11)സുബൈദ പാണ്ടത്ത്, വെളിയങ്കോട്

12)സുബൈദ, പള്ളിത്താഴത്ത്, വെളിയങ്കോട്

മേൽ ഗുണഭോക്താക്കളിൽ നിന്നും അധികം നൽകിയ 120000/-രൂപ തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 36/27-02-2019 പ്രകാരം നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-20** വെള്ളക്കരം -അടവാക്കിയ മുഴുവൻ തുകയും വരവ് വെച്ചിട്ടില്ല.

വാട്ടർ ചാർജ്ജ് അടവാക്കിയത് -വരവിൽ വരാത്തത് സംബന്ധിച്ച് സാമ്പത്തിക വർഷം വാട്ടർ ചാർജ്ജിനത്തിൽ 11,94,943/-രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ 894943/-രൂപ മാത്രമാണ് ക്രെഡിറ്റിൽ വന്നിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| മാസം | വൌച്ചർ നം. തി. | അടവാക്കിയ തുക | വാട്ടർ അതോരിറ്റിയിൽ ക്രെഡിറ്റിൽ വന്ന തുക |
|---|---|---|---|
| 4/17 | 21700047/26.04.17 | 82688 | - |
| 5/17 | | 0 | 82688 |
| 6/17 | | 0 | 0 |
| 7/17 | 21700232//01.07.17 | 262064 | 351752 |
| 7/17 | 21700290/22.07.17 | 89688 | |
| 8/17 | 21700328/01.08.17 | 89688 | 89688 |
| 9/17 | 21700449/26.09.17 | 89688 | 89688 |
| 10/17 | 21700470/05.10.17 | 19063 | 19063 |
| 11/17/ | 15/25.11.17 | 82688 | 0 |
| 12/17 | 21700656/14.12.17 | 82688 | 82688 |
| 1/18 | 21700764/22.01.18 | 89688 | 89688 |
| 2/18 | 30/24.02.18 | 89688 | 89688 |
| 2/18 | 31/24.02.18 | 127624 | 0 |
| 3/18 | 21700943/27.03.18 | 89688 | 0 |
| | | 1194943 | 894943 |

അപാകതകൾ

1)തൻ വർഷം 1194943/- രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയെങ്കിലും 894943 /-രൂപ മാത്രമാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 3,00,000/ രൂപ കുറവ് ക്രെഡിറ്റിൽ വരാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2)ഡിമാന്റിനേക്കാളധികം തുക അടവാക്കിയതിനാൽ ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിരുന്ന 10429 രൂപ ഫൈൻ ഇനത്തിൽ വാട്ടർ അതോരിറ്റിക്ക് കൈമാറിയിട്ടുണ്ട്.ഡിമാന്റിനെക്കാൾ അധികം തുക അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അടവാക്കിയ തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 <u>സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല</u>

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വൌച്ചർ നം. 21700313/31-07-2017 പ്രകാരം വാങ്ങിയ 58799/-രൂപയുടെ രജിസ്റ്ററുകൾ,ഫോമുകൾ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-22 <u>ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.</u>

(വാഹന നം.KL-54B 7070)

ജി.ഒ.(എം.എസ്)നം.170/07 ത.സ്വ.ഭ.വ. തിയതി.30.6.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി ആയിരിക്കുന്നതാണ്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ

കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയിലായിരിക്കുന്നതാണ്. ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോർഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ലോഗ്ബുക്ക്, പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ. എന്നാൽ ലോഗ്ബുക്ക് ഒഴികെ മറ്റ് രജിസ്റ്ററുകൾ ഒന്നും തന്നെ സൂക്ഷിക്കുന്നില്ല. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് വാഹനത്തിന് നാളിതുവരെ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല. സർക്കുലർ നം.41/2008 /ധനം/2.8.2008 പ്രകാരം ഇന്ധനം വാങ്ങിയതും അറ്റകുറ്റപ്പണി സംബന്ധിച്ചുള്ള വിവരങ്ങളും ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ആയത് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഓരോ മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തേയും സംബന്ധിച്ചുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിൽ ഇന്ധന ഉപഭോഗം സംബന്ധിച്ചുള്ള സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നുവെങ്കിലും നാളിതു വരെ അപാകതകൾ പരിഹരിച്ചിട്ടില്ല.മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-23 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

1. ആഗസ്റ്റ് 2017 മാസത്തെ വൌച്ചർ നം. 21700473/04.10.17 പ്രകാരം മെഡിക്കൽ ഓഫീസർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 31280/രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വൌച്ചർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
   2)വൌച്ചർ നം. 21700553/13.11.17 പ്രകാരം പേ ഫിക്സേഷൻ അരിയർ ആയി -172340/- രൂപ രതീഷ് കുമാർ.പി.ആർ.ഓഫീസ് അറ്റന്റന്റിന് നൽകിയിട്ടുണ്ട്. ആയതിന്റെ അരിയർ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.
   ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക 203620/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക് പഞ്ചായത്ത് | 1,50,000 | 04/18 – സ്കോളർഷിപ്പ് | 1,50,000 | 0 |
| | 1,00,000 | വിദ്യാഭ്യാസ സഹായം (പട്ടികജാതി) | 0 | 1,00,000 |
| | 1,21,000 | SC വനിതകൾക്ക് ടൂവീലർ | 0 | 1,21,000 |
| | 50,000 | 69/18 – പാലിന് സബ്സിഡി | 50,000 | 0 |
| | 4,70,000 | 47/18 –അംഗീകൃത പാടശേഖരങ്ങൾക്ക് പെട്ടിയും പറയും | 4,70,000 | 0 |
| | 1,30,000 | 167/18 ––അംഗീകൃത പാടശേഖരങ്ങൾക്ക് മോട്ടോർ വിതരണം | 1,30,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1,50,000 | 04/18 - സ്കോളർഷിപ്പ് | 1,50,000 | 0 |
| ആകെ | 11,71,000 | | 9,50,000 | 2,21,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 18/17-18 പൈപ്പ്ലൈൻ നീട്ടുന്നതിന് | ബിൽ നമ്പർ 38/22-03-18 | 11,00,000 | 0 | 11,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 3,600/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 900 | ശ്രീമതി. റജീന ടി.എ വെളിയങ്കോട് | 117010105854 തിയതി: 08.01.2018 |
| | | 900 | | 117010106118 തിയതി: 25.01.2018 |
| | | 1800 | | 117010105854 തിയതി: 08.01.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 97-98 | 31 | 2003-04 | വീട് നിർമാണം 21000/-രൂപ | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 98-99 | 37 | 2003-04 | തണ്ണിത്തുറ ബദർ പള്ളി റോഡ് -12452/-രൂപ | നിയമസഭാസമിതിയുടെ പരിഗണനയിൽ |

| | | | | |
|---|---|---|---|---|
| 99-00 | 43 | 2003-04 | മാസ്റ്റർപടി – കാവിൽ റോഡ് 23862/-രൂപ | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2014-15 | 2(2)<br>2(3) | 2016-17 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2015-16 | 2(2) | 2016-17 | തൊഴിൽ നികുതി പിരിവ് അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 1998-99 | 37,38 | ശ്രീമതി. പി വള്ളി ജൂനിയർ സൂപ്രണ്ട് | LF 8739/ Spl.cell/SC/ 5/04 12.7.05 | 84559 | | | 84559 | | | | Op 116/05 Disposed |
| 2 | 2001-02 | 32,33, 34,35, 36 | ശ്രീ. ഉസമാൻ | LF 2984/ Spl.cell/SC 5/05 23.5.07 | 71205 | | 71209 OP filed | -- | -- | | 71209 | OP206/07 Allowed 30-6-15 |
| 3 | 2003-04 | 3-12 | ശ്രീ. കെ സോമൻ | LF 15462/ Spl.cell/ SC5/ 0817.6.09/ 22.6.09 | 11019 | 11019/- അടച്ച രസസീതജ് നറ. 72/5044/ 27.8.09 | | | | 11019 | ൦ | |
| 4 | 2008-09 | 3-1 | ശ്രീ. എം.എൻ സജിത്ത് , AE | LF 10422/ Spl.cell/ SCD1/12 27.9.14 | 5205 | | 5205 | | | | 5205 | OP 241/14 Disposed.Allowed 16-12-17 |
| 5 | 2000-01 | 29(1)(2) 30(1)31 | ശ്രീ. കെ സോമസുന്ദരം, സെക്രട്ടറി | LF29090/ Sp. Cell/Sc5/ 05/26.2.09 | 7475 | Rs 475(Rt 2/5034/23. 05.09) | | | | 475 | 7000 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 6 | 1999-00 | 36,37, 39,40, 42,43 | ശ്രീ. കെ സോമസുന്ദരം, സെക്രട്ടറി | LF23195/ Sp. Cell/Sc5/ 04/12.12.06 | 152302 | | | 152302 | | | 152302 | OP 26/09 Allowed 1-8-17 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 7,99,68,832 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,72,18,041 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 155407 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7874004 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10074 | ശ്രീ. ഷബീർ.കെ അസി.എഞ്ചിനീയർ |
| 3-2 | | 18920 | ,, |
| 3-4 | - | 6413 | ,, |
| 3-19 | - | 120000 | ശ്രീ.അനിൽബാബു സെക്രട്ടറി |
| ആകെ | | 155407 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 3675000 | ശ്രീ. ജയേഷ് കെ, വി.ഇ.ഒ |
| 3-6 | 185000 | ,, |
| 3-7 | 200000 | ,, |
| 3-9 | 150000 | ശ്രീ.സാജൻ.പി.ജെയിംസ്,അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 144950 | ശ്രീമതി. ഫസീല.ടി.പി,ഹെഡ്മിസ്ട്രസ്സ്. |
| 3-12 | 7530 | ,, |
| 3-15 | 20355 | ഡോ.ഷാരിജ.കെ.പി.,മെഡിക്കൽ ഓഫീസർ.പി.എച്ച്.സി. |
| 3-16 | 3222410 | ശ്രീ.അനിൽബാബു,സെക്രട്ടറി |

| | | |
|---|---|---|
| 3-17 | 3840 | ,, |
| 3-18 | 2500 | ,, |
| 3-21 | 58799 | ,, |
| 3-23 | 203620 | ,, |
| ആകെ | 7874004 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷബീർ.കെ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | ശ്രീ. ഷബീർ.കെ കൊടക്കൻചേരി ഹൗസ്, പടിഞ്ഞാറങ്ങാടി, പാലക്കാട് ജില്ല. |
| ശ്രീ.അനിൽബാബു,സെക്രട്ടറി | വെളിയംകോട് ഗ്രാമപഞ്ചായത്ത് | സർഗ്ഗ,കോലളമ്പ്,മലപ്പുറം ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപ്പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83 | എൽ.എഫ്.എം/09/265/87 തിയ്യതി 19.12.1996 | 22 |
| 1983-84 | എൽ.എഫ്.എം/09/108/84 തിയ്യതി 12.72.1997 | 44 |
| 1984-85 | എൽ.എഫ്.എം/09/510/90 തിയ്യതി 19.01.1999 | 33 |
| 1986-87<br>1987-88 | എൽ.എഫ്.എം/09/1679/92 തിയ്യതി 08.12.1992 | 27 |
| 1988-89<br>1989-90 | എൽ.എഫ്.എം/08/209/95 തിയ്യതി 08.08.1996 | 10 |
| 1990-91 | എൽ.എഫ്.എം/09/1568/93 തിയ്യതി 26.07.1993 | 09 |
| 1991-92 | എൽ.എഫ്.എം/09/211/93 തിയ്യതി 26.07.1993 | 17 |

| | | |
|---|---|---|
| 1992-93 | എൽ.എഫ്.എം/08/1568/95 തിയ്യതി 13.09.1995 | 07 |
| 1993-94<br>1994-95 | എൽ.എഫ്.എം/14/1456/99 തിയ്യതി 07.12.2000 | 06 |
| 1995-96 | എൽ.എഫ്.എം/04/889/01 തിയ്യതി 05.07.2003 | 04 |
| 1996-97 | എൽ.എഫ്.എം/04/88/01 തിയ്യതി 07.11.2003 | 07 |
| 1997-98 | എൽ.എഫ്.എം/14/604/02 തിയ്യതി 05.06.2003 | 05 |
| 1999-00 | എൽ.എഫ്.എം/09/1328/02 തിയ്യതി 03.11.2003 | 06 |
| 2000-01 | എൽ.എഫ്.എം/04/1329/02 തിയ്യതി 22.06.2003 | 15 |
| 2001-02 | എൽ.എഫ്.എം/04/829/03 തിയ്യതി 23.03.2004 | 16 |
| 2002-03 | എൽ.എഫ്.എം/04/1830/03 തിയ്യതി 23.03.2004 | 09 |
| 2003-04 | എൽ.എഫ്.എം/09/1632/04 തിയ്യതി 27.04.2005 | 13 |
| 2004-05 | എൽ.എഫ്.എം/09/1631/05 തിയ്യതി 27.03.2006 | 16 |
| 2005-06 | എൽ.എഫ്.എം/15/26/04 തിയ്യതി 24.04.2009 | 17 |
| 2006-07 | എൽ.എഫ്.എം/15/245/10 തിയ്യതി 02.08.2010 | 20 |
| 2007-08 | എൽ.എഫ്.എം/18/512/11 തിയ്യതി 02.05.2011 | 19 |
| 2008-09 | എൽ.എഫ്.എം/18/513/11 തിയ്യതി 02.05.2011 | 17 |
| 2009-10<br>2010-11 | എൽ.എഫ്.എം/24/33/2014 തിയ്യതി 17.02.2014 | 14 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം28/ 1419 /2016 തിയ്യതി 29-08-16 | 11 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം28/2067/2016 തിയ്യതി 19-11-16 | 9 |
| 2015-16 | കെ.എസ്.എ.എം.പി.എം 28/206/2017 തിയ്യതി 30.08.2018 | 20 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.9/2021/2017 തിയ്യതി 26.07.2018 | 34 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം9/1573(a)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 05.07.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രജ് നിയമം - വകുപ്പ് 215 (6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെളിയങ്കോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം